സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന പള്ളി, തൊടുപുഴ

AUGUST 2026

# ദൂത്



educareer
STUDY ABROAD

# STUDY ABROAD



## ജർമ്മനിയിൽ സൗജന്യ പഠനം

**English Taught Programs in Public Universities**

**Austriaയിൽ സൗജന്യ B.Sc. Nursing**
**അതും Stipend ഓടെ**

**വർഷം 1.5 ലക്ഷം ഫീസിൽ Austriaയിൽ**
**Degree & Masters**

NEW ZEALAND, AUSTRALIA, GERMANY
UK , CANADA, AUSTRIA, IRELAND, SWEDEN, EUROPE, DUBAI

educareer Since 2011 ®
STUDY ABROAD

THODUPUZHA | 9287777004
First Floor, Charalil Complex, Near Private Bus Stand, (Opp. St. Sebastians Church)

| COCHIN | KOTHAMANGALAM | KOTTAYAM | ANGAMALI |
| --- | --- | --- | --- |
| 9287777003 | 9287777009 | 9287261111 | 9961943000 |

educareerindia.com


KSEB
V-GUARD
Rs. 78000/-
രൂപ വരെ
MNRE
സബ്സിഡി
SOLAR WATER HEATER
VT 160
INVERTER & BATTERY
V-GUARD
SOLAR POWER SYSTEM
HEAT PUMP
AUTHORISED DEALERS OF
V-GUARD PRODUCT
CELLTECH POWERS
KOTHAYIKUNNU BYPASS ROAD THODUPUZHA
BR. BYPASS ROAD OORASALA, PALA
PH: +91 9747295565, +91 8078908862
Mail: celltechpowers@gmail.com
Scan me!


നിങ്ങൾക്കായി തൊടുപുഴ ഒരുങ്ങിയിരിക്കുന്നു..!!
ഈ ഓണം ഹൈറേഞ്ചിനൊപ്പം...
LOW
പ്രൈസിൽ
HIGH
റേഞ്ച്
ഓണം
ഹൈറേഞ്ച്
അപ്ലയൻസസ് | ഡിജിറ്റൽ | ഹൈപ്പർമാർട്ട്
ധന്വന്തരി ജംഗ്ഷൻ തൊടുപുഴ
Ph: 04862 221444, 7736 243 412

# നന്ദി....

## 2025 – 2026 വർഷത്തെ സേവനം പൂർത്തിയാക്കിയ

## കൈക്കാരന്മാർ



**ജോൺ റ്റി. എ.**
തയ്യിൽ



**കെ. വി. ആന്റണി**
കൂനംപാറയിൽ



# സ്വാഗതം...

## പുതിയതായി ചുമതലയേറ്റ കൈക്കാരന്മാർ

**2026-2027**



**ജോസ് ജോസഫ്**
പാലയ്ക്കാമറ്റത്തിൽ



**ജെയിംസ് റ്റി.**
മാളിയേക്കൽ



**യൂജിൻ ബേബി**
പരിയാരത്ത്

# സ്നേഹസ്മരണയ്ക്ക്



## ജോയൽ ജോസ്‌ലി

വാഴക്കാലായിൽ (തെക്കേടത്ത്)

ഇടവക കുടുംബത്തിന്റെ

# ആദരാഞ്ജലികൾ

ജനനം - 03.10.2009

മരണം - 23.06.2026

# സ്നേഹസ്മരണയ്ക്ക്

## 1-ാം ചരമവാർഷികം



# പൗലോസ് എൻ.ഒ.

**നാൽപാടൻ, മുണ്ടേക്കല്ല്**

**ജനനം : 10-04-1967 മരണം : 27-08-2025**

ഞാൻ നിങ്ങളിൽ നിന്ന് അകന്നു പോയെങ്കിലും എന്റെ
സ്നേഹം നിങ്ങളോടൊപ്പമുണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമേ...

## സ്നേഹസ്മരണയ്ക്ക്...

**4-ാം ചരമവാർഷികം**

**(19-08-2026)**



### കെ. ഡി. കുര്യാക്കോസ്
### കരിങ്കുറ്റിയിൽ, തൊടുപുഴ

**ജനനം:15-06-1939**

**മരണം:19-08-2022**

## സ്നേഹസ്മരണയ്ക്ക്...

**3-ാം ചരമവാർഷികം**

**(02-07-2026)**



### ഫിലോമിന കുര്യാക്കോസ്
### കരിങ്കുറ്റിയിൽ, തൊടുപുഴ

**ജനനം:21-08-1939**

**മരണം:02-07-2023**



# സ്നേഹസ്മരണയ്ക്ക്...

## 15-ാം ചരമവാർഷികം

**(16-08-2026)**



# എം. ജെ. മാത്യു

**മുട്ടത്തിൽപുത്തൻപുരയിൽ**
**തൊടുപുഴ**

ജനനം : 16-02-1949 | മരണം : 16-08-2011

പ്രാർത്ഥനകളോടെ
**കുടുംബാംഗങ്ങൾ..**



## സ്നേഹസ്മരണയ്ക്ക്...

# 9-ാം ചരമവാർഷികം

**(08-07-2026)**



## ബി.റ്റി. മൈക്കിൾ (മിനിയച്ചൻ)

**ഭഗവതിക്കുന്നേൽ, തൊടുപുഴ**

ജനനം : 04-10-1950 | മരണം : 08-07-2017

പ്രാർത്ഥനകളോടെ

ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

## 2nd Death Anniversary
## In Heaven



## P. J. Baby (Devasia)

Pazhayaveettil (H), Thodupuzha

Born-20.01.1943 Died-12.07.2024



സ്നേഹസ്മരണയ്ക്ക്...

# 12-ാം ചരമവാർഷികം

(04-08-2026)



# സെലിൻ ഏലിയാസ്

**മാവിഴാകത്തിൽ, തൊടുപുഴ**

**ജനനം : 29-08-1960 | മരണം : 04-08-2014**

പ്രാർത്ഥനകളോടെ കുടുംബാംഗങ്ങൾ

# സ്നേഹസ്മരണയ്ക്ക്...

## 19-ാം ചരമവാർഷികം

02-08-2026





**സേവ്യർ അഗസ്റ്റിൻ**
**മാംപ്ലാൽ**

ജനനം : 05-08-1960
മരണം : 02-08-2007

# സ്നേഹസ്മരണയ്ക്ക്...

## 3-ാം ചരമവാർഷികം





**സെബാസ്റ്റ്യൻ**
നടുക്കുടിയിൽ,
ചുങ്കം - 2
തൊടുപുഴ

ജനനം : 15-02-1948
മരണം : 10-08-2023

# സ്നേഹസ്മരണയ്ക്ക്...

**20-ാം ചരമവാർഷികം**

23-05-2026

**1-ാം ചരമവാർഷികം**

18-07-2026





## വി.സി. മാത്യു

വരാപ്പുഴ, തൊടുപുഴ

ജനനം : 10-04-1934
മരണം : 23-05-2006

## മേരി മാത്യു

വരാപ്പുഴ, തൊടുപുഴ

ജനനം : 10-11-1953
മരണം : 18-07-2025





## സ്നേഹസ്മരണയ്ക്ക്...

**11-ാം ചരമവാർഷികം**

**(29-07-2026)**

**മാത്യു ജോസഫ്**

പുളിക്കക്കുന്നേൽ

ഒളമറ്റം, തൊടുപുഴ

മരണം. 29.07.2015



## സ്നേഹസ്മരണയ്ക്ക്...





**8-ാം ചരമവാർഷികം**

**(03-07-2026)**

**മത്തായി ജോൺ, വെട്ടിക്കാട്ടിൽ**

തൊടുപുഴ

ജനനം : 15-06-1948

മരണം : 03-07-2018

സ്നേഹസ്മരണയ്ക്ക്

ഒന്നാം ചരമവാർഷികം



# സിസിലി ജോണി

## നിരപ്പേൽ (പുളിയംമാക്കൽ)

## തൊടുപുഴ

ജനനം - 23-10-1948, മരണം - 12-07-2025

# ദൂത്

## തൊടുപുഴ ഇടവക ബുള്ളറ്റിൻ


ജൂലൈ - ആഗസ്റ്റ് 2026 | വാല്യം 21 | ലക്കം 7



### ഉള്ളടക്കം

1. വികാരിയച്ചന്റെ സന്ദേശം
2. തൊടുപുഴയുടെ ക്രൈസ്തവ വേരുകൾ
3. ഇടവക വാർത്തകൾ
4. വി.സെബസ്ത്യാനോസ്– ചിത്രകഥ 1
5. മതബോധനം
6. കെ.സി.വൈ.എം.
7. ബൈബിൾ ക്വിസ്
8. കുടുംബകൂട്ടായ്മകൾ
9. കുടുംബവാർത്തകൾ
10. തിരുവചന വായനകൾ

**ചീഫ് എഡിറ്റർ**
**ഫാ. ജോസ് പൊതൂർ** (വികാരി)
ഫോൺ: 8086449150
**അസോസ്സിയേറ്റ് എഡിറ്റേഴ്സ്**
**ഫാ. ജോൺ കണയങ്കൽ**
ഫോൺ: 9497386004
(അസി. വികാരി)
**ഫാ. ആൽബർട്ട് പീച്ചാട്ട്**
ഫോൺ: 9495960743
(അസി. വികാരി)
**എഡിറ്റോറിയൽ ബോർഡ്**
ജോസ് ജോസഫ് പാലക്കാമറ്റത്തിൽ
ജെയിംസ് റ്റി. മാളിയേക്കൽ
യൂജിൻ ബേബി പരിയാരത്ത്
റോബിൻ തയ്യിൽ
**കവർ ഡിസൈൻ**
ബിനിൽ ആലക്കത്തടത്തിൽ




**ST. SEBASTIAN'S FORANE CHURCH**
Thodupuzha, Pin : - 685584, PH: 04862 - 222648

Published, Edited and Owned by Rev. Fr. Jose Pothoor
Printed at Little Flower Offset Printers, Ph: 226 553

(For private circulation only)

## വികാരിയച്ചന്റെ സന്ദേശം



പ്രിയമുള്ളവരേ.

ഓരോ മാസവും ദൈവം നമുക്ക് നൽകുന്ന കൃപയുടെ പുതിയ അധ്യായമാണ്. വിശുദ്ധി ഏതാനും പേരുടെ മാത്രം വിളിയല്ല; ഓരോ ക്രൈസ്തവന്റെയും അടിസ്ഥാന ദൈവവിളിയാണെന്ന് സഭ ഈ ഓഗസ്റ്റ് മാസത്തിലൂടെ വീണ്ടും നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ വിശ്വാസ ജീവിതത്തെ നവീകരിക്കുവാനും വിശുദ്ധിയിലേക്കുള്ള യാത്രയെ കൂടുതൽ ഗൗരവത്തോടെ തുടരുവാനും സഭ നമ്മെ ക്ഷണിക്കുന്നു. വിശുദ്ധരുടെ ജീവിതം കേവലം ചരിത്രസ്മരണകളല്ല; ഇന്നും സുവിശേഷം ജീവിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്ന ദീപസ്തംഭങ്ങളാണ്.

ഓഗസ്റ്റ് 4-ന് നാം വൈദികരുടെ മാതൃകയായ വിശുദ്ധ ജോൺ മരിയ വിയാനിയെ അനുസ്മരിക്കുന്നു. ആർസ് ഗ്രാമത്തിലെ എളിയ വികാരിയായിരുന്ന വിശുദ്ധ ജോൺ വിയാനി, പ്രാർത്ഥനയുടെയും, വിശുദ്ധ കുർബാനയുടെയും, അനുതാപകൂദാശയുടെയും ശക്തിയാൽ ഒരു സമൂഹത്തെ എങ്ങനെ രൂപാന്തരപ്പെടുത്തി എന്നത് ഇന്നും ലോകത്തിന് പ്രചോദനമാണ്. വിശുദ്ധി അസാധാരണ പ്രവർത്തികളിലല്ല, സാധാരണ ജീവിതത്തിൽ ദൈവത്തോടുള്ള അസാധാരണ വിശ്വസ്തതയിലാണെന്ന് അദ്ദേഹത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ഓഗസ്റ്റ് 15-ന് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ ആഘോഷിക്കുമ്പോൾ,

ദൈവഹിതത്തോടുള്ള പൂർണവിധേയത്വം മനുഷ്യജീവിതത്തെ എത്ര മഹത്വമുള്ളതാക്കുന്നുവെന്ന് നാം തിരിച്ചറിയുന്നു. സ്വർഗാരോപണം നമ്മുടെ പ്രത്യാശയുടെ തിരുനാളാണ്; ക്രിസ്തുവിൽ ജീവിക്കുന്നവർക്ക് ഒരുങ്ങിയിരിക്കുന്ന നിത്യജീവന്റെ മഹത്വത്തിലേക്കാണ് അത് നമ്മുടെ നയനങ്ങളെ ഉയർത്തുന്നത്.

ഈ മാസത്തിൽ വിശുദ്ധ മാക്സിമില്യൻ കോൾബെ, വിശുദ്ധ മോണിക്ക, വിശുദ്ധ അഗസ്റ്റിൻ തുടങ്ങി അനേകം വിശുദ്ധരുടെ ജീവിതസാക്ഷ്യങ്ങളും സഭ നമുക്ക് സമ്മാനിക്കുന്നു. വ്യത്യസ്ത ജീവിത സാഹചര്യങ്ങളിലൂടെ കടന്നുപോയെങ്കിലും, എല്ലാവരും ദൈവസ്നേഹത്തിൽ പൂർണത കണ്ടെത്തിയവരാണ്.

ഈ ഓഗസ്റ്റ് മാസം വിശുദ്ധിയുടെ വഴിയിൽ പുതുമയുള്ള തീരുമാനങ്ങൾ എടുക്കാനുള്ള അവസരമാകട്ടെ. നമ്മുടെ കുടുംബങ്ങളും ഇടവകയും പ്രാർത്ഥനയുടെയും, സ്നേഹത്തിന്റെയും, സേവനത്തിന്റെയും, സുവിശേ സാക്ഷ്യത്തിന്റെയും ഭവനങ്ങളായി മാറട്ടെ. വിശുദ്ധരുടെ മാധ്യസ്ഥവും പരിശുദ്ധ അമ്മയുടെ സംരക്ഷണവും നമ്മുടെ ഓരോ ചുവടുകളെയും നയിക്കട്ടെ

സ്നേഹപൂർവ്വം,

**ഫാ. ജോസ് പൊതൂർ**

വികാരിയച്ചൻ

# തൊടുപുഴയുടെ ക്രൈസ്തവ വേരുകൾ - 6

**ഫാ. ആൻഡ്രൂസ് മൂലയിൽ**



(തുടർച്ച)

## തെനംകുന്ന് പള്ളിയുടെ സ്ഥാപനവും തൊടുപുഴ ഇടവകയുടെ വളർച്ചയും

തൊടുപുഴയിലെ ആദ്യത്തെ പള്ളി തകർക്കപ്പെട്ട ശേഷം ഒരു നൂറ്റാണ്ടോളം കാലം ഇവിടെയുള്ള വടക്കുംഭാഗക്കാരായ പൂർവ്വികർ ചുങ്കം പള്ളിയിലാണ് ആത്മീയ ആവശ്യങ്ങൾക്കായി പോയിരുന്നത്. പണ്ട് കാലങ്ങളിൽ ക്നാനായക്കാരായ ക്രൈസ്തവരെ തെക്കുംഭാഗക്കാർ എന്നും മറ്റുള്ളവരെ വടക്കുംഭാഗക്കാർ എന്നുമാണ് വിളിച്ചിരുന്നത്. പണ്ട് കൊടുങ്ങല്ലൂർ പട്ടണം അറബികൾ ആക്രമിക്കുന്നതിന് മുമ്പ് പട്ടണത്തിന്റെ തെക്ക് ഭാഗത്തായി ക്നാനായക്കാർ താമസിച്ചിരുന്നതുകൊണ്ടാണ് ഈ പേര് ഉണ്ടായതെന്ന് കരുതപ്പെടുന്നു. മറ്റ് ക്രൈസ്തവർ പട്ടണത്തിന്റെ വടക്ക് ഭാഗത്തും താമസിച്ചിരുന്നു.

അക്കാലത്ത് തെക്കുംഭാഗക്കാരും വടക്കുംഭാഗക്കാരും യോജിച്ചാണ് ചുങ്കം പള്ളിയിൽ സംബന്ധിച്ചിരുന്നത്. എന്നാൽ 1849 ൽ ചുങ്കം പള്ളിയിൽ ഇരുവിഭാഗക്കാരും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായതിനെ തുടർന്ന് വടക്കുംഭാഗക്കാർ മൂന്ന് വർഷത്തോളം ആത്മീയ ആവശ്യങ്ങൾക്കായി മൈലക്കൊമ്പ് പള്ളിയെ ആശ്രയിക്കാൻ തുടങ്ങി. ക്രമേണ വടക്കുംഭാഗക്കാർക്ക് സ്വന്തമായി ഒരു പള്ളി വേണമെന്ന ആവശ്യം ഉയർന്നു വന്നു.

1852 ൽ വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്ക ആയിരുന്ന ലുഡോവിക്കോ മർത്തീനി മെത്രാപ്പോലീത്ത (Archbishop Loudovico Martini of St. Teresa O.C.D, 1844 -1859) ചുങ്കം പള്ളി സന്ദർശനത്തിനായി എത്തിയപ്പോൾ വടക്കുംഭാഗക്കാർ അദ്ദേഹത്തോട് തങ്ങൾക്ക് ഒരു പുതിയ പള്ളി പണിയാൻ

അനുവാദം നൽകണമെന്ന് അപേക്ഷിച്ചു. അപേക്ഷ സ്വീകരിച്ച മെത്രാപ്പോലീത്ത വരാപ്പുഴയ്ക്ക് മടങ്ങിയപ്പോൾ വടക്കുംഭാഗക്കാരായ രണ്ട് പേരെ തന്റെ ഒപ്പം കൊണ്ടു പോയി പുതിയ പള്ളി പണിയാൻ അനുവാദവും അതിനായി മുന്നൂറ്റമ്പത് രൂപയും വി. മിഖായേൽ മാലാഖയുടെ തടിയിൽ കൊത്തിയ ഒരു രൂപവും വെഞ്ചിരിച്ച് നൽകി. ഇപ്പോൾ തെനംകുന്ന് പള്ളിയുടെ പ്രധാന അൾത്താരയുടെ മുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്നത് അന്ന് മെത്രാപ്പോലീത്ത സമ്മാനിച്ച വി. മിഖായേൽ മാലാഖയുടെ രൂപമാണ്.

1579 ൽ ചുങ്കം പള്ളി സ്ഥാപിക്കപ്പെട്ടത് പരി. കന്യകാമറിയത്തിന്റെ നാമധേയത്തിലായിരുന്നു. 1578 നവംബർ 11-ന് അന്ന് കീഴ്മലൈനാടിന്റെ രാജാവായിരുന്ന മണികണ്ഠവീരനാണ് ചുങ്കം പിരിച്ചിരുന്ന മരുതോലിയിൽ പള്ളി പണിയാൻ സ്ഥലവും അനുവാദവും നൽകിയത്. രാജാവിന്റെ ചുങ്ക സ്ഥലത്തിനടുത്തു പണിത പള്ളി ചുങ്കത്തു പള്ളിയെന്നും ക്രമേണ ചുങ്കം പള്ളിയെന്നും അറിയപ്പെടുകയുണ്ടായി. വിശുദ്ധ മർത്തിനോസിന്റെ (St. Martin of Tours) തിരുനാൾ ദിനമായ നവംബർ 11 ന് പള്ളി പണിക്ക് അനുവാദം നൽകി രാജകല്പന ഉണ്ടായതിനാൽ രാജാവിനോടുള്ള നന്ദി സൂചകമായി ചുങ്കം പള്ളിയിൽ എല്ലാവർഷവും വിശുദ്ധ മർത്തിനോസിന്റെ തിരുനാൾ ആഘോഷിക്കുവാൻ തുടങ്ങി. അതിനാൽ പരമ്പരാഗതമായി ചുങ്കം പള്ളി പരിശുദ്ധ കന്യകാമറിയത്തിന്റെയും അപൂർവ്വം ചില അവസരങ്ങളിൽ പരി. മറിയത്തോടൊപ്പം വി. മർത്തീനോസിന്റെയും നാമത്തിലാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ ദു പെറോൺ (Abraham Hyacinthe Anquetil du Perron) 1758 ലും പൗളിനോസ് (Paulinus of St. Bartholomew) 1794 നൽകിയിരിക്കുന്ന വിവരണങ്ങളിൽ ചുങ്കം പള്ളിയുടെ മധ്യസ്ഥനായി വി. മിഖായേൽ മാലാഖയുടെ പേരാണ് നൽകിയിരിക്കുന്നത്. എന്തുകൊണ്ടാണ് ചുങ്കം പള്ളിയുടെ നാമമായി വി. മിഖായേൽ മാലാഖയുടെ പേര് ഈ യൂറോപ്യൻ ഗ്രന്ഥകാരന്മാർ നൽകിയത് എന്ന് ഇനിയും അറിയില്ല.

പിൽക്കാലത്ത് ചുങ്കം പള്ളിയിൽ നിന്ന് അധികം അകലെയല്ലാതെ തെനംകുന്നിൽ പള്ളി പണിയാൻ അനുവാദം നൽകിയപ്പോൾ വരാപ്പുഴയിലെ വികാരി അപ്പസ്തോലിക്ക പള്ളിയുടെ മധ്യസ്ഥനായി അനുവദിച്ച് നൽകിയതും വി. മിഖായേൽ മാലാഖയെ ആണ്. ഇത് വെറുമൊരു യാദൃശ്ചികതയായി തള്ളിക്കളയാനാവില്ല എങ്കിലും അതിന്റെ കാരണങ്ങൾ ഇന്നും അജ്ഞാതമായി തുടരുന്നു.

മെത്രാപ്പോലീത്തായുടെ അനുവാദം വാങ്ങി ചുങ്കം പള്ളി ഇരിക്കുന്നിടത്ത് നിന്ന് അൽപ്പം മാറി തിന വിളഞ്ഞിരുന്ന തെനംകുന്നിലെ കുന്നിൻപരപ്പിൽ പള്ളി പണിയാൻ സ്ഥലം പതിപ്പിച്ച് വെട്ടിത്തെളിച്ചപ്പോൾ പലതരത്തിലുള്ള എതിർപ്പുകൾ ഉണ്ടായി. ഈ അവസരത്തിൽ ജനങ്ങൾ മണക്കാടുള്ള 'മുണ്ടയ്ക്കൽ രാമൻ നായർ' എന്ന കരപ്രധാനിയുടെ സഹായം അഭ്യർത്ഥിച്ചു. പ്രബലനായ അദ്ദേഹം സ്ഥലത്തെത്തി എതിർപ്പുകൾ അവസാനിപ്പിക്കുകയും പള്ളി സ്ഥാപിക്കാൻ ആവശ്യമായ സംരക്ഷണവും മറ്റ് സഹായ സഹകരണങ്ങളും നൽകുകയും ചെയ്തു. പള്ളി സ്ഥാപിക്കാൻ 'മുണ്ടയ്ക്കൽ രാമൻ നായർ' എന്ന കാരപ്രധാനി ചെയ്ത സഹായത്തിന് നന്ദി സൂചകമായാണ് അദ്ദേഹത്തിന്റെ കുടുംബത്തിലേക്ക് എല്ലാ വർഷവും പള്ളിയുടെ പ്രധാന തിരുന്നാളായ കല്ലിട്ട തിരുന്നാളിന് (പള്ളി പണിയാൻ കല്ലിട്ടതിന്റെ വാർഷിക ദിനത്തിൽ കൊണ്ടാടുന്ന തിരുനാൾ) കൊടിയേറ്റുന്ന ദിവസം അഞ്ചേകാലും കോപ്പും കൊടുക്കുന്ന പതിവ് ആരംഭിച്ചത്.

കേരളത്തിലെ, പ്രത്യേകിച്ച് മധ്യതിരുവിതാംകൂറിലെ പുരാതന ക്രിസ്ത്യൻ പള്ളികളിലെ തിരുന്നാളുകളോട് അനുബന്ധിച്ച് ആചരിച്ചുവരുന്ന ഒരു പരമ്പരാഗത ആചാരമാണ് അഞ്ചേകാലും കോപ്പും. പള്ളി നിർമ്മാണത്തിന് സ്ഥലം നൽകുകയോ സഹായിക്കുകയോ ചെയ്ത കുടുംബങ്ങളെയോ അല്ലെങ്കിൽ തറവാട്ടുകാരെയോ ആദരിക്കുന്നതിനായി പള്ളി അധികാരികൾ അരിയും പച്ചക്കറികളും ഉൾപ്പെടെയുള്ള സദ്യയ്ക്കാവശ്യമായ സാധനങ്ങൾ നൽകുന്ന ചടങ്ങാണിത്. അഞ്ചേകാൽ എന്നതുകൊണ്ട് അഞ്ചേകാൽ ഇടങ്ങഴി അരിയാണ് ഉദ്ദേശിക്കുന്നത്. കോപ്പ് എന്നതിന്റെ അർത്ഥം സദ്യയ്ക്കാവശ്യമായ

സാധനങ്ങൾ എന്നാണ്. അരിക്ക് പുറമെ ചെറുപയർ, പരിപ്പ്, പപ്പടം, ശർക്കര, ജീരകം, കായം, വെളുത്തുള്ളി, വെളിച്ചെണ്ണ, വൻപയർ, കടുക്, സവോള, ഉള്ളി, പടവലം, ഇഞ്ചി, പച്ചക്കായ, കാബേജ്, മുളക്, തേങ്ങ, വെള്ളരി, മത്തങ്ങ, മുരിങ്ങക്കായ, ഞാലിപ്പൂവൻ പഴം, പച്ചപയർ, കറിവേപ്പില, വെറ്റില, അടയ്ക്ക, പുകയില എന്നിവയും നൽകുന്നു. തെനംകുന്ന് പള്ളിയിലെ തിരുന്നാളിനാട് അടുത്ത ദിവസങ്ങളിൽ പള്ളിയിലെ വികാരിയച്ചനും കൈക്കാരന്മാരും മുണ്ടയ്ക്കൽ തറവാട്ടിലെത്തി ആ കുടുംബത്തെ തിരുന്നാളിന് ക്ഷണിക്കുന്നു. തിരുന്നാളിന് കൊടിയേറ്റുന്ന ദിവസം അഞ്ചേകാൽ കിലോ അരിയും കോപ്പും (സദ്യയ്ക്കാവശ്യമായ സാധനങ്ങൾ) കോരുകൊട്ടയിൽ നിറച്ച് തൂശനിലയും വച്ച് മുണ്ടയ്ക്കൽ തറവാട്ടിൽ നിന്നും എത്തുന്ന അവകാശിക്ക് നൽകുന്നു. ഈ പാരമ്പര്യം ഇന്നും തുടരുന്നുണ്ട്.

## തൊടുപുഴ ഇടവകയുടെ വളർച്ച

തെനംകുന്നിലെ പ്രഥമ വികാരി പാലക്കീൽ അച്ചനാണ്. 1852 ൽ പണിത തെനംകുന്ന് പള്ളിക്ക് കാലക്രമത്തിൽ അറ്റകുറ്റപണികൾ ആവശ്യമായി വന്നു. പള്ളിയുടെ മുൻ വശത്തെ മുഖവാരവും ഭിത്തിയും ദുർബലമാണെന്ന് കണ്ട് അത് ഭാഗം പൊളിച്ച് പണിയാൻ തീരുമാനിച്ചു. പള്ളിയുടെ മുഖവാരവും മുൻഭാഗത്ത് ഇരുഭാഗങ്ങളിലുമായി മുന്നര മീറ്റർ ഭിത്തിയും പൊളിച്ചു മാറ്റി പകരം പുതിയ മുഖവാരവും പൊളിച്ചു മാറ്റിയ ഭാഗത്ത് നാലര മീറ്റർ നീളത്തിൽ ഭിത്തിയും നിർമ്മിച്ചു. നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന ഭാഗത്ത് 1928 നവംബർ 27 ന് ശിലാസ്ഥാപനം നടത്തുകയും 1929 മാർച്ച് 24 പണി പൂർത്തിയാക്കുകയും ചെയ്തു. 1931-ൽ തൊടുപുഴ ടൗണിൽ ചന്തക്കുന്നിൽ ഒരു കപ്പേള പണിയാനായി കുരിശ് സ്ഥാപിച്ചു. ഈ സ്ഥലത്ത് 1934 ജനുവരി 10 ന് കപ്പേളയുടെ പണി ആരംഭിച്ചു. 1935 ഫെബ്രുവരി 02-ാം തീയതി ടൗൺ പ്രദക്ഷിണം നടക്കുന്ന അവസരത്തിൽ മൈലക്കൊമ്പ് ഫൊറോന പള്ളി വികാരി ഫാ. ഫ്രാൻസിസ് തെക്കേക്കര നിർമ്മാണം പൂർത്തിയാക്കിയ പരി. അമലോത്ഭവ മാതാവിന്റെ നാമത്തിലുള്ള കപ്പേള വെഞ്ചിരിച്ചു

ഇക്കാലഘട്ടത്തിൽ തൊടുപുഴ ടൗണിൽ ഒരു പള്ളി പണിയണമെന്ന ആവശ്യം ഉയർന്നുവരികയും 1938 ഫെബ്രുവരി 23 ന് എറണാകുളം അതിരൂപതയുടെ മെത്രാപോലീത്ത മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവിൽ നിന്നും ഇതിന് അനുമതി ലഭിക്കുകയും ചെയ്തു. 1938 മാർച്ച് 03 ന് ഇപ്പോൾ തൊടുപുഴ ടൗൺ പള്ളിയും യു.പി. സ്കൂളും ഇരിക്കുന്ന സ്ഥലത്ത് ഒരു പന്തൽ കെട്ടി വി. കുർബാന അർപ്പിച്ചു. 1938 ഡിസംബർ 19 ന് പുതിയ പള്ളിയുടെ നിർമ്മാണത്തിനായി വാനം മാന്തി പണികൾ ആരംഭിച്ചു. ഒപ്പം അവിടെ ഒരു കിണർ കുഴിക്കാനുള്ള പരിശ്രമവും തുടങ്ങി. 1939 ജനുവരി 01 ന് പുതിയ പള്ളിയുടെ ശിലാസ്ഥാപന കർമ്മം ബഹു. തോമസ് മൂഞ്ഞേലി അച്ചൻ നിർവ്വഹിച്ചു. പള്ളിയുടെ തറയുടെ പണികൾ അതിവേഗം തീർന്നുവെങ്കിലും പിന്നീട് പണികൾ പുരോഗമിച്ചില്ല. 1950 ൽ പള്ളി പണിയാൻ ഉദ്ദേശിച്ച് നിർമ്മിച്ച തറയോട് ചേർന്ന് ഒരു പുതിയ പള്ളിമുറി പണി തീർത്തു. 1950 ഒക്ടോബർ 18 ന് ഒരു ഹൈസ്കൂളിനും മിഡിൽ സ്കൂളിനും വേണ്ടി വികാരി ഫാ. മത്തായി തോട്ടുങ്കൽ സർക്കാരിൽ അപേക്ഷ കൊടുത്തു. 1951 മെയ് 31ന് അപേക്ഷപ്രകാരം ഹൈസ്കൂളിനും സ്കൂളിനും അനുവാദം ലഭിച്ചു. പുതിയ പള്ളിമുറിയായി നിർമ്മിച്ച കെട്ടിടം സ്കൂളായി ഉപയോഗിക്കാൻ തുടങ്ങി. പള്ളിമുറിയുടെ നടുവിലെ ഹാളിൽ ഫോർത്ത് ഫോറം പഠിപ്പിച്ചുകൊണ്ട് സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ആദ്യത്തെ ഹെഡ്മാസ്റ്ററായി കിഴക്കമ്പലം സ്കൂളിൽ അധ്യാപകനായിരുന്ന ബഹു. താഴത്തുവീട്ടിൽ യൗസേപ്പ് അച്ചനെ അഭി. മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവ് നിയമിച്ചു. ഏറെ താമസിയാതെ കരിങ്കല്ലുകൊണ്ട് ബലവത്തായ സ്കൂൾ കെട്ടിടം അവിടെ നിർമ്മിച്ചു. പുതിയ പള്ളിക്കായി നിർമ്മിച്ചിരിക്കുന്ന തറയിൽ 1962 ൽ മിഡിൽ സ്കൂൾ കെട്ടിടം നിർമ്മിച്ചു. 1952 ഡിസംബർ പതിനാറിന് വി. എസ്തപ്പാനോസിന്റെ നാമത്തിലുള്ള കപ്പേള നിർമ്മാണം പൂർത്തിയാക്കി വെഞ്ചിരിച്ചു.

ടൗൺ പള്ളി പണിയാൻ മുമ്പ് നിശ്ചയിച്ചിരുന്ന സ്ഥലത്ത് സ്കൂൾ നിർമ്മിച്ചതിനാൽ 1960 ജനുവരി 31 ന് വികാരി പൗലോസ് തരണിയിൽ അച്ചന്റെ നേതൃത്വത്തിൽ പുതിയ പള്ളി പണിയാനായി ടൗണിലേക്ക് നീങ്ങി 83 സെന്റ്റ് പുതിയ സ്ഥലം വാങ്ങി. അതേ

വർഷം തന്നെ മാർ മാത്യു പോത്തനാമുഴി പിതാവ് പുതിയ പള്ളിക്ക് കല്ലിട്ടു. 1962 ൽ ടൗണിലെ പുതിയ പള്ളിയുടെ മേൽക്കൂരയുടെ പണി പൂർത്തിയാക്കിയിന്നെങ്കിലും അൾത്താരയുടെ പണികൾ പൂർത്തിയാകാതിരുന്നത് കൊണ്ട് വി. കുർബാന അർപ്പിച്ച് തുടങ്ങിയിരുന്നില്ല. 1964 ൽ തൊടുപുഴ ന്യൂമാൻ കോളേജ് ആരംഭിക്കുന്ന സമയം കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തിയായിട്ടില്ലാതിരുന്നതിനാലും വർഷത്തിലെ ക്ലാസുകൾ എത്രയും വേഗം തുടങ്ങേണ്ടിയിരുന്നതിനാലും ടൗൺ പള്ളിക്കായി നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിൽ ജൂലൈ മാസം മുതൽ ക്ലാസുകൾ ആരംഭിച്ചു. ആ വർഷം അവസാനത്തോടെ തന്നെ ക്ലാസുകൾ കോളേജ് കെട്ടിടത്തിലേക്ക് മാറ്റി, 1965 സെപ്റ്റംബർ 15 ന് ബഹു. പൗലോസ് തരണിയിൽ അച്ചൻ ടൗൺ പള്ളിയിലേക്ക് താമസം മാറ്റുകയും പള്ളിയുടെ കൂദാശ കഴിഞ്ഞിട്ടില്ലായിരുന്നെങ്കിലും വി. കുർബാന ആരംഭിക്കുകയും ചെയ്തു. 1971 ഡിസംബർ 12 ന് പണി പൂർത്തിയാക്കിയ ടൗൺ പള്ളി കോതമംഗലം രൂപതാധ്യക്ഷൻ മാർ മാത്യൂ പോത്തനാമുഴി പിതാവ് കൂദാശ ചെയ്തു.

പുതിയ ഹൈസ്കൂളിന് തെനംകുന്നിൽ 2001 ജനുവരി 16-ന് തറക്കല്ലിടുകയും 2001 ജൂലൈ 9 ന് പണിതീർത്ത് ആശീർവദിക്കുകയും ചെയ്തു. 2002 സെപ്തംബർ 6-ന് യു.പി. സ്കുളിന്റെ പുതിയ കെട്ടിടം പണി തീർത്ത് വെഞ്ചരിച്ചു. 2003-ൽ ടൗണിൽ സ്കൂളിനടുത്ത് ഷോപ്പിംഗ് കോപ്ലംക്സ് നിർമ്മിച്ചു. 2003 ജൂലൈ 3-ന് തറക്കല്ലിട്ട പാരീഷ്ഹാൾ നിർമ്മാണം പൂർത്തിയാക്കി 2004 ഒക്ടോബർ 9-ന് ഉദ്ഘാടനം ചെയ്തു. 2005 ജൂൺ 04 ന് 158/2005 നമ്പർ കൽപന പ്രകാരം തൊടുപുഴ, കലയന്താനി, കല്ലാനിക്കൽ, നെടിയകാട്, തലയനാട്, പൊന്നന്താനം പന്നിമറ്റം, അഞ്ചിരി, വെട്ടിമറ്റം, ആലക്കോട്, ചിറ്റൂർ, തൊടുപുഴ ഈസ്റ്റ് എന്നീ ഇടവകകൾ ചേർത്ത് തൊടുപുഴ ഫൊറോന സ്ഥാപിതമായി. അറയ്ക്കപ്പാറയിലുള്ള 20 സെന്റ് സ്ഥലവും വീടും ഗ്രോട്ടോയും 2006 ആഗസ്റ്റ് 14-ന് രൂപതയ്ക്ക് കൈമാറി. അന്നേ ദിവസം മാർ ജോർജ് പുന്നക്കോട്ടിൽ ഗ്രോട്ടോ ആശീർവദിച്ച് കുർബാനയർപ്പിക്കുകയും ഡിവൈൻ മേഴ്സി ഷറൈൻ ഓഫ് ഹോളി

മേരി എന്ന് ഗ്രോട്ടോയ്ക്കു പേരിടുകയും ഗ്രോട്ടോയുടെ റെക്ടറായി തൊടുപുഴ പള്ളി വികാരി ബഹു. ജോസ് മോനിപ്പിള്ളിലച്ചനെ നിയമിക്കുകയും ചെയ്തു. അതിവേഗം പുരോഗമിച്ചുകൊണ്ടിരുന്ന തൊടുപുഴ പട്ടണത്തിൽ ക്രൈസ്തവരുടെ സംഖ്യ വർധിച്ചു വന്നു. ടൗൺ പള്ളിയിൽ സൗകര്യങ്ങൾ പരിമിതമായി വന്നതിനാൽ ഒരു പുതിയ പള്ളി വേണമെന്ന ആവശ്യം ഉയർന്നു വന്നു. 2006 ഡിസംബർ 10 ന് പുതിയ പള്ളിക്ക് മാർ ജോർജ് പുന്നക്കോട്ടിൽ ശിലാസ്ഥാപനം നടത്തി. 1938 ൽ ആദ്യം ടൗൺ പള്ളി നിർമ്മിക്കാൻ പദ്ധതിയിട്ടതും പിന്നീട് സ്കൂൾ നിർമ്മിച്ചതുമായ സ്ഥലത്താണ് പുതിയ ടൗൺ പള്ളിക്കായി ശിലാസ്ഥാപനം നടത്തിയത്. 2014 ഫെബ്രുവരി 13 കോതമംഗലം രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് പുതിയ പള്ളി കൂദാശ ചെയ്തു. 2022 ൽ തെനംകുന്ന് പള്ളിയുടെ സമീപം ബൈപ്പാസിനോട് ചേർന്ന് സെന്റ്. മൈക്കിൾസ് ആർക്കേഡ് എന്ന പേരിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കി.

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ സ്വർഗ പ്രവേശനത്തിന്റെ 800-ാം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പ 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ ഫ്രാൻസിസ്കൻ ജൂബിലി വർഷമായി പ്രഖ്യാപിച്ച അവസരത്തിൽ വി. ഫ്രാൻസിസ് അസീസി ഉപമധ്യസ്ഥനായുള്ള തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ ഫൊറോന പള്ളിയെ 2027 ജനുവരി 10 വരെ ഫ്രാൻസിസ്കൻ തീർത്ഥാടന കേന്ദ്രമായി 2026 മെയ് മാസം 22 ന് കോതമംഗലം രൂപതാധ്യക്ഷൻ മാർ. ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉയർത്തി.

അവസാനിച്ചു.

## ഇടവകവാർത്തകൾ

**പ്രധാനപ്പെട്ട തിരുനാളുകൾ**

ആഗസ്റ്റ് - 01 - വിശുദ്ധ അൽഫോൻസ് ലിഗോരി

ആഗസ്റ്റ് - 04 - വിശുദ്ധ ജോൺ മരിയ വിയാനി

ആഗസ്റ്റ് - 06 - നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ

ആഗസ്റ്റ് - 08 - വിശുദ്ധ ഡൊമിനിക്

ആഗസ്റ്റ് - 11 - വിശുദ്ധ ക്ലാര

ആഗസ്റ്റ് - 14 - വിശുദ്ധ മാക്സിമില്യൻ കോൾബേ, വിശുദ്ധ ശ്മോനിയും 7 മക്കളും

ആഗസ്റ്റ് - 15 - പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം, ഇന്ത്യൻ സ്വാതന്ത്ര്യ ദിനം

ആഗസ്റ്റ് - 21 - വിശുദ്ധ പത്താം പീയൂസ് മാർപാപ്പ

ആഗസ്റ്റ് - 24 - വിശുദ്ധ ബർത്തലോമിയോ ശ്ലീഹാ

ആഗസ്റ്റ് - 27 - വിശുദ്ധ മോനിക്കാ

ആഗസ്റ്റ് - 28 - വിശുദ്ധ അഗസ്റ്റിൻ

ആഗസ്റ്റ് - 29 - വിശുദ്ധ എവുപ്രാസ്യാ,

**നന്ദി...**

കഴിഞ്ഞ ഒരുവർഷക്കാലം കൈക്കാരൻമാരായി (2025- 2026) സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ശ്രീ. ജോൺ റ്റി. എ. തയ്യിൽ, ശ്രീ. കെ.വി. ആന്റണി കൂനംപാറയിൽ എന്നിവർക്ക് ഇടവക കൂട്ടായ്മയുടെ നന്ദി അറിയിക്കുന്നു.

## സ്വാഗതം

2026 – 2027 വർഷത്തെ കൈക്കാരൻമാരായി സ്ഥാന മേറ്റ ശ്രീ. ജോസ് ജോസഫ് പാലക്കാമറ്റത്തിൽ, ശ്രീ. ജെയിംസ് റ്റി. മാളിയേക്കൽ, ശ്രീ. യൂജിൻ ബേബി പരിയാരത്ത് എന്നി വർക്ക് ഇടവക കുടുംബത്തിന്റെ പ്രാർത്ഥനകളും, ആശംസ കളും നേരുന്നു.

## ആഗസ്റ്റ് – 04 വിശുദ്ധ ജോൺ മരിയ വിയാനി

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 04–ന് ആഘോഷി ക്കുന്നു. അന്നേദിവസം തിരുസഭയിലെ എല്ലാ ഇടവക വൈദി കർക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

## ആഗസ്റ്റ് 15 ശനി, ടൗൺ പള്ളിയുടെ വെബ്സൈറ്റ് ഉദ്ഘാടനവും, ജൂബിലി കവാടം വെഞ്ചിരിപ്പും.

ആഗസ്റ്റ് 15 ശനിയാഴ്ച രാവിലെ 7.30 ന്റെ വിശുദ്ധ കുർബാനയോടുകൂടി വിശുദ്ധ ഫ്രാൻസീസ് അസീസ്സിയുടെ തീർത്ഥാടനകേന്ദ്ര പ്രഖ്യാപനത്തിന്റെ ജൂബിലി കവാടം വെഞ്ചിരിക്കുന്നതും വിശുദ്ധന്റെ ജീവിതത്തിലെ പ്രധാന സംഭ വങ്ങൾ ആലേഖനം ചെയ്ത ചിത്രങ്ങൾ പള്ളി കോമ്പൗണ്ടിൽ സ്ഥാപിക്കുന്നതുമാണ്. അതോടൊപ്പം ടൗൺ പള്ളിയുടെ പുതിയ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യുന്നതുമാണ്. പള്ളി യുടെ ചരിത്രം ഇടവകയുടെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ, സ്ഥാപനങ്ങൾ, അനുദിന വിശുദ്ധ കുർബാനയുടെ സമയ വിവ രങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളും വെബ്സൈറ്റിൽ ലഭ്യമാ യിരിക്കും.

## ആഗസ്റ്റ് 15 ശനി, പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ

ആഗസ്റ്റ് 15 കടമുള്ള ദിവസമാണ്. അന്നേദിവസം ഞായറാഴ്ചയിലേതുപോലെ തിരുക്കർമ്മങ്ങൾ പള്ളിയിൽ ഉണ്ടായിരിക്കും. തെനംകുന്ന് പള്ളിയിലും രാവിലെ 7 മണിക്ക് വി. കുർബാന ഉണ്ടായിരിക്കും. അന്നേദിവസം തെനംകുന്ന് പള്ളിയിൽ വൈകിട്ട് പതിവുള്ള വിശുദ്ധ കുർബാന ഉണ്ടായി രിക്കില്ല.

## ആഗസ്റ്റ് 15 ഇന്ത്യൻ സ്വാതന്ത്ര്യദിനം

ആഗസ്റ്റ് 15 ശനി രാവിലെ 7.30-ന്റെ വിശുദ്ധ കുർബാന യ്ക്കുശേഷം പള്ളി അങ്കണത്തിൽ ദേശീയ പതാക ഉയർത്തു ന്നു. എല്ലാ ഇടവകാംഗങ്ങളേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## ആഗസ്റ്റ് 09 കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മീറ്റിംഗ്

ആഗസ്റ്റ് 09 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് പള്ളിമു റിഹാളിൽ വാർഡ്തല കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മീറ്റിംഗ് ഉണ്ടായിരിക്കും. വാർഡ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നി വർ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## വൈദികരുടെ വാർഷികധ്യാനം

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷിക ധ്യാനം മൂവാറ്റുപുഴ NESTT - ൽ വച്ച് ജൂലൈ 12 മുതൽ ജൂലൈ 25 വരെ നടത്തപ്പെട്ടു. നമ്മുടെ ബഹു. വികാരിയച്ചനും കൊച്ചച്ചൻമാരും രണ്ടുഘട്ടങ്ങളിലായി ധ്യാനത്തിൽ പങ്കെടു ത്തു. ധ്യാനത്തിന്റെ വിജയത്തിനായി പ്രാർത്ഥിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## ജൂബിലി ദമ്പതി സംഗമം 2026

വിവാഹിതരായി 50, 25 വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പ തിമാർക്ക് ആശംസകൾ നേരാനും ആദരിക്കാനുമായി നടത്താ റുള്ള രൂപതാ ജൂബിലി ദമ്പതി സംഗമം ഒക്ടോബർ 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. 1976, 2001 വർഷങ്ങ ളിൽ വിവാഹിതരായ ദമ്പതിമാരുടെ പേരുവിവരവും, ഒരുമി ച്ചുള്ള ഫോട്ടോയും, ഫോൺ നമ്പറും കൂടി ഓഗസ്റ്റ് 23-ാം തീയതിക്കുമുമ്പായി പള്ളി ഓഫീസിൽ ഏൽപ്പിക്കുക.

# സെന്റ് സെബാസ്റ്റ്യൻ : I

ഡോ. ജയ്സൺ കൊച്ചുവീടൻ



## മതബോധനം

**അഭിനന്ദനങ്ങൾ..!**

2025-26 വർഷത്തിൽ കോതമംഗലം രൂപതയിൽ സൺഡേ സ്കൂളുകളിൽ നമ്മുടെ സൺഡേ സ്കൂൾ 'എ' ഗ്രേഡ് കരസ്ഥമാക്കി. വിശ്വാസപരിശീലന തീം സോങ്ങിൽ 'എ' കാറ്റഗറിയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അഭിവന്ദ്യ പിതാവിൽ നിന്നും സൺഡേ സ്കൂൾ അംഗങ്ങൾ ട്രോഫി ഏറ്റുവാങ്ങി. ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ..!

**വേദപാഠം പി.റ്റി.എ.**

വേദപാഠം 2025-26 വർഷത്തെ പി. റ്റി. എ. കമ്മിറ്റി പാരിഷ് ഹാളിൽ ചേർന്നു. പുതിയ അദ്ധ്യയനവർഷത്തെ പി.റ്റി. എ. പ്രസിഡന്റായി റോബിൻ തോമസ് മൈലാടിയിൽ, പി.റ്റി. എ. വൈസ് പ്രസിഡന്റായി ജോസ് ജോസഫ് ചരളിൽ, എം. പി.റ്റി. എ. പ്രസിഡന്റായി സിൻസി ബിജു വേമ്പേനിക്കൽ എന്നിവരെ യോഗം തിരഞ്ഞെടുത്തു. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പി.റ്റി. എ. കമ്മിറ്റിയ്ക്ക് നേതൃത്വം നൽകിയ പ്രസിഡന്റ് റോബിൻ തോമസ് മൈലാടിയിൽ മറ്റു കമ്മിറ്റി അംഗങ്ങൾക്കും നന്ദി അറിയിച്ചു. ഈ യോഗത്തിൽ ഓരോ ക്ലാസ്സിൽ നിന്നും പി.റ്റി.എ. പ്രതിനിധികളെയും തിരഞ്ഞെടുത്തു. ഏവർക്കും ഇടവക കുടുംബത്തിന്റെ ആശംസകളും അഭിനന്ദനങ്ങളും.

**പ്രൈവറ്റ് രജിസ്ട്രേഷൻ - കോൺടാക്റ്റ് ക്ലാസ്**

പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തി വേദപാഠം പഠിക്കുന്ന കുട്ടികൾ രൂപതാതലത്തിൽ നടത്തുന്ന കോൺടാക്റ്റ് ക്ലാസ്സിൽ നിർബന്ധമായും പങ്കെടുക്കണം. പങ്കെടുക്കാതിരിക്കുന്നവർക്ക് പരീക്ഷ എഴുതാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

**കോൺടാക്റ്റ് ക്ലാസ് 1-ാം സെമസ്റ്റർ**

XI, XII - 2026 സെപ്തംബർ **11** വെള്ളി 5 pm മുതൽ
**12** ശനി 5 pm വരെ

## ലോഗോസ് ക്വിസ് 2026

### പഠനഭാഗം

| | | |
|---|---|---|
| റൂത്ത് | : | 1 – 4 |
| സഭാ പ്രസംഗകൻ | : | 1 – 6 |
| 1 സാമുവൽ | : | 1 – 7 |
| വിശുദ്ധ യോഹന്നാൻ | : | 1 – 12 |
| ഗലാത്തിയ | : | 1 – 6 |

**രൂപതാതല പരീക്ഷാതീയതി – 27-09-2026**

**സമയം – 2 pm to 3.30 pm**

പഠനത്തിനായി ഉപയോഗിക്കേണ്ടത് P.O.C ബൈബിളും, ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളും

Logos Quiz എഴുതുന്ന Sunday School ലെ 5 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്കായും ഇടവകാംഗങ്ങൾക്കായും എല്ലാ ശനിയാഴ്ചയും Logos Quiz Online പരിശീലനം നടത്തുന്നു. Logos Quiz നടക്കുന്ന September 27 വരെ ഈ പരിശീലനം തുടരുന്നതാണ്.

കുട്ടികൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തേണ്ടതാണ്.

Timetable താഴെ കൊടുക്കുന്നു.

### TIME TABLE

| | | |
|---|---|---|
| 14/06/26 | – | റൂത്ത് 1, 2 |
| 21/06/26 | – | റൂത്ത് 3, 4 |
| 28/06/26 | – | ഗലാത്തിയ 1, 2 |
| 04/07/26 | – | ഗലാത്തിയ 3,4 |
| 11/07/26 | – | ഗലാത്തിയ 5,6 |
| 18/07/26 | – | 1 സാമുവൽ 1, 2 |
| 25/07/26 | – | 1 സാമുവൽ 3,4 |
| 01/08/26 | – | 1 സാമുവൽ 5,6,7 |
| 08/08/26 | – | സഭാപ്രസംഗകൻ 1 ,2 ,3 |

| | | |
|---|---|---|
| 15/08/26 | – | സഭാപ്രസംഗകൻ 4,5,6 |
| 22/08/26 | – | യോഹന്നാൻ 1,2,3 |
| 29/08/26 | – | യോഹന്നാൻ 4,5,6 |
| 05/09/26 | – | യോഹന്നാൻ 7,8,9 |
| 12/09/26 | – | യോഹന്നാൻ 10,11,12 |
| 19/09/26 | – | മുഴുവൻ ഭാഗവും |
| 27/9/26 | – | Logos quiz രൂപത തലം |

## Sunday School Attendance

ഇപ്പോൾ നമ്മൾ വേദപാഠത്തിന്റെ attendence എടുക്കുന്നത് 9.15 ന് പള്ളിയിൽ വെച്ചാണ്.

August 2 ഞായറാഴ്ച മുതൽ 9.15 ന് പള്ളിയിൽ എത്തിച്ചേരാത്ത കുട്ടികളെ Full Attendance ന്റെ സമ്മാനത്തിലേയ്ക്ക് പരിഗണിക്കുന്നതല്ല.

## കെ.സി.വൈ.എം.

2026 – 27 പ്രവർത്തനവർഷത്തെ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | – | എഡ്വിൻ ജോസഫ് റോയി കവളക്കാട്ട് |
| വൈസ് പ്രസിഡന്റ് | – | സിയ പ്രിൻസ് പുതുമനതൊട്ടിയിൽ |
| സെക്രട്ടറി | – | ആൽബർട്ട് ജിൻസ് കുന്നുമേൽത്താഴത്ത് |
| ജോയിൻ സെക്രട്ടറി | – | മേരി ജോസഫ് കുളങ്ങരക്കുടിയിൽ |
| ട്രഷറർ | – | അൻജൊ ജോർജ് വേലംകുന്നേൽ |

**കമ്മിറ്റി മെമ്പേഴ്സ്**

അലയ്ന ബിജോ, കുന്നത്ത്

ഏയ്ഞ്ചൽ ബിജു, വേമ്പേനിക്കൽ
ജോർജ് ജോസഫ്, വെട്ടിക്കാമറ്റം
ജിബിൻ ജിനോ, വടക്കേക്കര
റോൺ ജോജി, ചരളിൽ
അബിൻ ജോയി, ആലയ്ക്കാതടത്തിൽ
സെബാസ്റ്റ്യൻ ജെ, വാഴക്കാലായിൽ

സ്നേഹമുള്ള ഇടവകാംഗങ്ങളെ, നമ്മുടെ ഇടവകയിൽ വാർഡ് അടിസ്ഥാനത്തിൽ യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് കഴിഞ്ഞ വർഷം നടത്തിവന്നിരുന്ന 'വീട്' എന്ന പദ്ധതി വീണ്ടും പുനരാരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇടവകയിലെ യുവജന കൂട്ടായ്മ കൂടുതൽ ശക്തിപ്പെടുത്തുക ,ഇടവകാംഗങ്ങളെ തമ്മിൽ കൂടുതൽ അടുപ്പിക്കുക എന്നതുമാണ് നമ്മുടെ ലക്ഷ്യം.

ഈ സംരംഭത്തിന്റെ വിജയത്തിനായി എല്ലാ ഇടവക അംഗങ്ങളുടെയും പൂർണ്ണമായ സഹകരണവും പ്രാർത്ഥനയും സ്നേഹപൂർവ്വം പ്രതീക്ഷിക്കുന്നു.

## ദൂത് ക്വിസ് ഓഗസ്റ്റ് 2026

തൊടുപുഴ ഇടവകാംഗങ്ങളായവർക്ക് ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

ഈ 20 ചോദ്യങ്ങളുടെയും ഉത്തരം ഒരു കടലാസിൽ എഴുതി അതിൽ സ്വന്തം പേരും വീട്ടുപേരും കുടുംബയൂണിറ്റിന്റെ പേരും എഴുതിയശേഷം പള്ളി ഓഫീസിൽ ഏൽപ്പിക്കുക.

ശരി ഉത്തരം നൽകുന്ന മത്സരാർത്ഥികളിൽ നിന്നും ഒരു വിജയിയെ നറുക്കിട്ട് തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നു

1. വിശുദ്ധ ജോൺ മരിയ വിയാന്നി ഏത് ഗ്രാമത്തിലെ ഇടവക വികാരിയായാണ് പ്രശസ്തനായത്?
2. വൈദികരുടെ സ്വർഗ്ഗീയ മധ്യസ്ഥനായി (Patron Saint of Parish Priests) വിശുദ്ധ ജോൺ മരിയ വിയാന്നിയെ പ്രഖ്യാപിച്ചത് ഏത് മാർപാപ്പയാണ്?

3. വിശുദ്ധ മോനിക്ക തന്റെ മകന്റെ മാനസാന്തരത്തിനായി എത്ര വർഷക്കാലം കണ്ണീരോടും പ്രാർത്ഥനയോടും കൂടി കാത്തിരുന്നു?

4. വിശുദ്ധ അഗസ്റ്റിന്റെ പ്രസിദ്ധമായ ആത്മകഥയുടെ പേര് എന്താണ്?

5. വിശുദ്ധ അഗസ്റ്റിന്റെ മാനസാന്തരത്തിൽ നിർണായക സ്വാധീനം ചെലുത്തിയ മിലാനിലെ മെത്രാപ്പോലീത്ത ആരായിരുന്നു?

6. 'Take and Read" (Tolle Lege) എന്ന ദൈവവിളി കേട്ട ശേഷം വിശുദ്ധ അഗസ്റ്റിൻ വായിച്ച പുതിയ നിയമഗ്രന്ഥഭാഗം ഏതാണ്?

7. വിശുദ്ധ മോനിക്കയും വിശുദ്ധ അഗസ്റ്റിനും ഒരുമിച്ച് അനുസ്മരിക്കപ്പെടുന്ന രാജ്യം ഏതാണ്?

8. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ സഭ ആഘോഷിക്കുന്നത് ഏത് തീയതിയിലാണ്?

9. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ സിദ്ധാന്തം ഔദ്യോഗികമായി പ്രഖ്യാപിച്ച മാർപാപ്പ ആരാണ്?

10. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ സിദ്ധാന്തം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട വർഷം ഏതാണ്?

11. വിശുദ്ധ ജോൺ മരിയ വിയാന്നി ദിവസത്തിൽ മണിക്കൂറുകളോളം നിർവഹിച്ചിരുന്ന പ്രധാന ശുശ്രൂഷ ഏതാണ്?

12. 'Munificentissimus Deus" എന്ന രേഖ ഏത് വിശ്വാസസത്യവുമായി ബന്ധപ്പെട്ടതാണ്?

13. വിശുദ്ധ അഗസ്റ്റിൻ പിന്നീട് ഏത് നഗരത്തിന്റെ മെത്രാനായി സേവനം ചെയ്തു?

14. “ഞങ്ങളുടെ ഹൃദയം അങ്ങയിൽ വിശ്രമിക്കുന്നതുവരെ അസ്വസ്ഥമായിരിക്കും'' എന്ന പ്രസിദ്ധ വാക്യം ആരുടേതാണ്?

15. വിശുദ്ധ മോനിക്കയുടെ തിരുനാൾ ഏത് തീയതി യിലാണ്?

16. വിശുദ്ധ അഗസ്റ്റിന്റെ തിരുനാൾ ഏത് തീയതിയിലാണ്?

17. “ക്യൂറേ ഓഫ് ആർസ്” (Curé of Ars) എന്നറിയപ്പെടുന്നത് ആരാണ്?

18. കത്തോലിക്കാ സഭയുടെ പഠനമനുസരിച്ച് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിൽ അവൾ സ്വർഗ്ഗത്തിലേക്ക് എങ്ങനെ സ്വീകരിക്കപ്പെട്ടു?

19. വിശുദ്ധ അഗസ്റ്റിൻ ആദ്യം പിന്തുടർന്നിരുന്ന, പിന്നീട് ഉപേക്ഷിച്ച മതദാർശനിക പ്രസ്ഥാനം ഏതാണ്?

20. വിശുദ്ധ ജോൺ മരിയ വിയാന്നിയുടെ ജീവിതം ഏറ്റവും ശക്തമായി ഉയർത്തിക്കാട്ടുന്ന പൗരോഹിത്യഗുണം ഏതാണ്?

**കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ**

1. ദാവീദ് രാജാവിന്റെ വംശം.
2. “നീതിമാൻ” എന്ന് വിശേഷിപ്പിക്കപ്പെടുന്നു.
3. യോഹന്നാന്റെ സുവിശേഷം
4. ലൂക്കായുടെ സുവിശേഷം
5. പന്ത്രണ്ട് വയസ്.
6. തച്ചൻ.
7. നിശ്ശബ്ദ അനുസരണത്തിന്റെയും വിനയത്തിന്റെയും അടയാളം.
8. വിശുദ്ധ യൗസേപ്പ്
9. വിശുദ്ധ യൗസേപ്പ്
10. മേയ് 1
11. മാതാവിന്റെ വണക്കമാസാചരണം
12. ഫാത്തിമ മാതാവിന്റെ പ്രത്യക്ഷീകരണം
13. മേയ് 31.
14. വിശുദ്ധ യൗസേപ്പ്
15. ഫ്രാൻസിസ് മാർപാപ്പ

## ഓഗസ്റ്റ് മാസത്തെ കുടുംബകൂട്ടായ്മ നടത്തുന്ന ഭവനങ്ങൾ

| തീയതി | വാർഡ് | വീട്ടുപേര്, പേര് |
|---|---|---|
| 05/08/2026 | **തലമറ്റം II** സെന്റ് മദർ തെരേസ | വഴുതനപ്പിള്ളിൽ ഡോ. സെബാസ്റ്റ്യൻ |
| ബുധൻ | **ഒളമറ്റം II** സെന്റ് തോമസ് | പുത്തൻപുരയ്ക്കൽ പ്രിൻസ് |
| 06/08/2026 | **ഉറവപ്പാറ I** സെന്റ് സെബാസ്റ്റ്യൻസ് | മുണ്ടൻകാവിൽ സൈമൺ |
| വ്യാഴം | **ഇറക്കുംപുഴ** വാ.കാർലോ അക്വിറ്റസ് | ചെരുവിൽ ഷാജൻ ജോൺ |
| 07/08/2026 | **വെങ്ങല്ലൂർ** സെന്റ് ജോൺ മരിയവിയാനി | കളപ്പുരയിൽ ത്രേസ്യാമ്മ ജോസഫ് |
| വെള്ളി | **ടൗൺ I A** സെന്റ് ജോസഫ് | കിഴക്കേൽ കെ.ജെ. സെബാസ്റ്റ്യൻ |
| 12/08/2026 | **മണക്കാട് II** ഹോളി ഫാമിലി | ബിനോയി മാത്യു പെരുംമ്പുഴപകുതിയിൽ |
| ബുധൻ | **തലമറ്റം I** സെന്റ് ലൂക്കാ | മണിമല റോണി തോമസ് |
| 13/08/2026 | **ഒളമറ്റം I** സെന്റ് അൽഫോൻസ | ചേന്നപ്പിള്ളിൽ തോമസ് |
| വ്യാഴം | **ഉറവപ്പാറ II** സെന്റ് ജോസഫ് | വാഴക്കാലായിൽ ജോഷി ജോൺ |
| 14/08/2026 | **ടൗൺ I** സെന്റ് ജോസഫ് | മണിയാട്ട് ഷാജി (തെക്കേടത്ത് റിവഫ്ളാറ്റ് നം. 6-C) |
| വെള്ളി | **ടൗൺ II** സെന്റ് ജൂഡ് | വേരനാനിക്കൽ അഡ്വ. ജോസി ജേക്കബ് |

| | | |
|---|---|---|
| 19/08/2026<br><br>ബുധൻ | **അറക്കപ്പാറ II**<br>ഡിവൈൻ മേഴ്സി | മുരിങ്ങയിൽ ലിസ്സി അലക്സ് |
| | **കോലാനി**<br>സെന്റ് വിൻസന്റ് ഡി പോൾ | കാനകാട്ട് കെ.ജെ. ജോസ് |
| 20/08/2026<br><br>വ്യാഴം | **ചുങ്കം II**<br>സെന്റ് സേവ്യർ | ആവിമൂട്ടിൽ അപ്പച്ചൻ |
| | **കൈതക്കോട്**<br>സെന്റ് ലിറ്റിൽ ഫ്ളവർ | മിറ്റത്താനിക്കൽ എം.എം. ജോർജ് |
| 21/08/2026<br><br>വെള്ളി | **അറക്കപ്പാറ I**<br>സെന്റ് ജോൺ പോൾ II | നെല്ലുവേലിൽ മാത്തുക്കുട്ടി |
| | **ചുങ്കം I**<br>സെന്റ് ആന്റണീസ് | പനച്ചിക്കൽ ജെയിംസ് പി. ജേക്കബ് |

## വിവാഹ ഒരുക്ക സെമിനാർ

**ആഗസ്റ്റ് - 6, 7, 8 - 20, 21, 22**
**സെപ്റ്റംബർ - 3, 4, 5 - 17, 18, 19**

**NESTT PASTORAL CENTRE, MUVATTUPUZHA**
Ph: 9495011191
Office Time : Mon - Sat 9.30 am to 4.30 pm
www.familyapostolateklm.com

# കുടുംബവാർത്തകൾ

## മാമ്മോദീസ

പുല്ലൻകുന്നേൽ ജോസ് + ജീന ട്രീസ മകൾ ഫിലോമിന
(ജെസ്സ് മരിയ ജോസ്)

ജനനം : 08-01-2026, മാമ്മോദീസാ : 26-04-2026

കവിയിൽകളപ്പുരക്കൽ അജിത്ത് + ക്ലാരിസ് മകൻ ജോസ്
(ഐസക് ജോസ് അജിത്ത്)

ജനനം : 03-05-2025, മാമ്മോദീസാ : 13-06-2026

ഓണിവേലിൽ ബിബിൻ + സ്റ്റെഫി എലിസബത്ത് മകൾ മിറിയം
(എസ്തേർ മിറിയം ബിബിൻ)

ജനനം : 22-12-2025, മാമ്മോദീസാ : 28-06-2026

ഇളയിടത്ത് ഷെബിൻ + റോണിമ മകൾ മരിയ
(ഇസ്സ മരിയ ഷെബിൻ)

ജനനം : 16-07-2023, മാമ്മോദീസാ : 22-07-2026

ഇളയിടത്ത് ഷെബിൻ + റോണിമ മകൻ ജോസഫ്
(മൈക്കിൾ ജോസഫ് ഷെബിൻ)

ജനനം : 03-02-2026, മാമ്മോദീസാ : 22-07-2026

## വിവാഹം

| | | |
|---|---|---|
| കവളക്കാട്ട്<br>ജോസ് + ഷൈനി<br>റൂബൻ ജോസ്<br>തൊടുപുഴ | 11.07.2026<br>⟷ | പഴൂർ<br>ബിജു + അപ്പളോണി<br>ഷേബ ബിജുപോൾ<br>കുമിളി |

## മരണം

| | | | |
|---|---|---|---|
| മംഗലത്തുകുന്നേൽ | വർഗീസ് ഉലഹന്നൻ | മണക്കാട് 1 | 15-06-2026 |
| വാഴക്കാലായിൽ തെക്കേടത്ത് | ജോയൽ ജോസ്‌ലി | ഉറവപ്പാറ 1 | 23-06-2026 |
| ആനച്ചാലിൽ | മോളി ഔസേപ്പ് | ഒളമറ്റം 1 | 07-07-2026 |
| എടക്കാട്ടുവയലിൽ | ജിയ ജോർജ് | പാറക്കടവ് 1 | 16-07-2026 |



# തിരുവചന വായനകൾ

## ഓഗസ്റ്റ് 2026

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **30**<br>1 കോറി<br>15:35-50<br>മർക്കോ<br>9:2-13 | **31**<br>1 കോറി<br>2:9-15<br>ലൂക്കാ<br>23:33-43 | | | | | **1**<br>റോമാ<br>13:1-7<br>മത്താ<br>17:24-27 |
| **2**<br>2 തെസ<br>2:13-17<br>മത്താ<br>13:44-52 | **3**<br>എഫേ<br>1:15-20<br>മർക്കോ<br>8:22-30 | **4**<br>1 കോറി<br>1:10-17<br>യോഹ<br>3:22-30 | **5**<br>ഗലാ<br>3:19-25<br>ലൂക്കാ<br>10:25-37 | **6**<br>ഹെബ്രാ<br>12:18-29<br>മത്താ<br>17:1-9 | **7**<br>റോമാ<br>14:13-23<br>മർക്കോ<br>9:42-50 | **8**<br>റോമാ<br>2:17-24<br>മത്താ<br>15:10-20 |
| **9**<br>യൂദാ<br>1:8-13<br>ലൂക്കാ<br>11:14-26 | **10**<br>വെളി<br>12:7-12<br>ലൂക്കാ<br>8:26-39 | **11**<br>1 യോഹ<br>3:1-10<br>യോഹ<br>8:37-47 | **12**<br>1 തെസ<br>4:1-8<br>മത്താ<br>21:12-17 | **13**<br>1 തെസ<br>3:6-13<br>മർക്കോ<br>1:40-45 | **14**<br>2 കോറി<br>6:1-10<br>യോഹ<br>16:25-33 | **15**<br>റോമാ<br>16:17-27<br>യോഹ<br>2:1-12 |
| **16**<br>വെളി<br>21:9-14<br>യോഹ<br>6:16-24 | **17**<br>എഫേ<br>5:22-33<br>മത്താ<br>16:13-20 | **18**<br>ശ്ലീഹ<br>4:32-37<br>ലൂക്കാ<br>12:22-34 | **19**<br>എഫേ<br>4:1-6<br>യോഹ<br>21:1-12 | **20**<br>2 കോറി<br>3:12-18<br>യോഹ<br>8:31-38 | **21**<br>2 കോറി<br>6:1-10<br>യോഹ<br>15:18-21,<br>16:1-4 | **22**<br>1 കോറി<br>12:12-27<br>മത്താ<br>18:15-20 |
| **23**<br>യാക്കോ<br>4:1-10<br>മത്താ<br>6:19-24 | **24**<br>1 കോറി<br>9:24-27<br>മർക്കോ<br>12:28-34 | **25**<br>2 പത്രോ<br>1:1-11<br>ലൂക്കാ<br>12:13-21 | **26**<br>1 യോഹ<br>3:11-18<br>ലൂക്കാ<br>16:19-31 | **27**<br>1 കോറി<br>6:1-11<br>ലൂക്കാ<br>6:27-36 | **28**<br>2 കോറി<br>9:6-15<br>മത്താ<br>19:13-24 | **29**<br>ഫിലെ<br>1:8-20<br>മത്താ<br>10:5-15 |